**മലയാള മനോരമ**

**Kochi Edition**
**15.07.2025**
**Pg - 6, Column 4**

## സീനിയർ ബേസ് ബോൾ ചാംപ്യൻഷിപ് 22ന്

മട്ടാഞ്ചേരി ● എറണാകുളം ജില്ലാ സീനിയർ ബേസ് ബോൾ ചാംപ്യൻഷിപ് 22ന് ഫോർട്ട്കൊച്ചി പരേഡ് മൈതാനത്ത് നടത്തും. ഓഗസ്റ്റ് 2 മുതൽ 4 വരെ പാലക്കാട് നടത്തുന്ന സംസ്ഥാന ചാംപ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള ടീമിനെ തിരഞ്ഞെടുക്കും.

**ദേശാഭിമാനി**

**Kochi Edition 15.07.2025**
**Pg - 6, Column 1**

## ജില്ലാ ബേസ്ബോൾ ചാമ്പ്യൻഷിപ് 22ന്

മട്ടാഞ്ചേരി

ജില്ലാ സീനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ് 22ന് ഫോർട്ട് കൊച്ചി പരേഡ് മൈതാനത്ത് നടക്കും. ആഗസ്ത് രണ്ടുമുതൽ നാലുവരെ പാലക്കാട് നടക്കുന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീമിനെ മത്സരത്തിൽനിന്ന് തെരഞ്ഞെടുക്കും.

സാക്ഷരകേരളത്തിന്റെ ആദ്യാക്ഷരം

ദീപിക

THE FIRST MALAYALAM DAILY ESTD 1887

**Kochi Edition 28.07.2025**
**Pg - 6, Column 3 & 4**

# ബേസ്ബോൾ: അസ്‌ലു ഫോർ എവർ ക്ലബ് ചാമ്പ്യൻമാർ

**ഫോർട്ടുകൊച്ചി:** ഫോർട്ടുകൊച്ചി പരേഡ് ഗ്രൗണ്ടിൽ നടന്ന പുരുഷ വിഭാഗം ജില്ലാ സീനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആലുവ യുസി കോളജിനെ പരാജയപ്പെടുത്തി നിലവിലെ ചാമ്പ്യൻമാരായ ആലുവ അസ്‌ലു ഫോർ എവർ ക്ലബ് കിരീടം നിലനിർത്തി. തിരുവാണിയൂർ സ്റ്റെല്ല മേരീസ് കോൺവന്റ് ക്ലബിനാണ് മൂന്നാം സ്ഥാനം നേടി.

സംസ്ഥാന ബേസ്ബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് രഞ്ജിത്ത് രത്നാകരനാണ് ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തത്. ഫാത്തിമ സ്കൂൾ കായിക വിഭാഗം മേധാവി സിസ്റ്റർ മിനി വിജയികൾക്ക് സമ്മാനദാനം നിർവഹിച്ചു.

സംസ്ഥാന പ്രസിഡന്റ് കെ. എം. ഷാഹുൽ ഹമീദ്, ജില്ലാ ബേസ്ബോൾ സെക്രട്ടറി അനീഷ് ജോസഫ് എന്നിവർ പ്രസംഗിച്ചു.



ജില്ലാ സീനിയർ ബേസ്ബോൾ (പുരുഷ വിഭാഗം) ചാമ്പ്യൻമാരായ ആലുവ അസ്‌ലു ഫോർ എവർ ക്ലബ് ടീം.

മാധ്യമം

Kochi Edition 28.7.2025
Pg - 7, Column 7&8

# ബേസ് ബാൾ: അസ്‌ലു ഫോർ എവർ ക്ലബ് ചാമ്പ്യൻമാർ

ഫോർട്ട്കൊച്ചി: പരേഡ് മൈതാനത്ത് നടന്ന ജില്ല സീനിയർ ബേസ്ബാൾ ചാമ്പ്യൻഷിപ്പിൽ ആലുവ യു.സി കോളജിനെ പരാജയപ്പെടുത്തി നിലവിലെ ചാമ്പ്യൻമാരായ ആലുവ അസ്‌ലു ഫോർ എവർ ക്ലബ് പുരുഷ വിഭാഗം കിരീടം നിലനിർത്തി.

കൂവപ്പടി സ്റ്റെല്ല മേരീസ് കോൺവെന്റ് ക്ലബ് മൂന്നാം സ്ഥാനം നേടി. സംസ്ഥാന ബേസ് ബാൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് രഞ്ജിത്ത് രത്നാകരൻ ചാമ്പ്യൻഷിപ് ഉദ്ഘാടനം ചെയ്തു. ഫാത്തിമ സ്കൂൾ കായിക വിഭാഗം മേധാവി സിസ്റ്റർ മിനി സമ്മാനദാനം നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് കെ.എം. ഷാഹുൽ ഹമീദ്, ജില്ല ബേസ്ബാൾ സെക്രട്ടറി അനീഷ് ജോസഫ് തുടങ്ങിയവർ സംസാരിച്ചു.



*ജില്ല സീനിയർ ബേസ്ബാൾ ചാമ്പ്യൻഷിപ് കരസ്ഥമാക്കിയ ആലുവ അസ്‌ലു ഫോർ എവർ ക്ലബ് ടീം അംഗങ്ങൾ*

മലയാള മനോരമ
ESTABLISHED 1888

Kochi Edition 23.07.2025
Pg - 6, Column 3 & 4




എറണാകുളം ജില്ലാ സീനിയർ ബേസ് ബോൾ ചാംപ്യൻഷിപ്പിൽ വനിതാ വിഭാഗം കിരീടം നേടിയ യാക്കാ സ്പോർട്സ്.

# ജില്ലാ ബേസ്ബോൾ: യാക്ക വനിതാ കിരീടം നിലനിർത്തി

ഫോർട്ട്കൊച്ചി ● എറണാകുളം ജില്ലാ സീനിയർ ബേസ് ബോൾ ചാംപ്യൻഷിപ്പിൽ തിരുവാണിയൂർ സ്റ്റെല്ല മാരീസ് ക്ലബ്ബിനെ പരാജയപ്പെടുത്തി നിലവിലെ ചാംപ്യന്മാരായ യാക്ക സ്പോർട്സ് വനിതാ വിഭാഗം കിരീടം നിലനിർത്തി. കൂവപ്പടി സെന്റ് ആൻസ് ക്ലബ് 3-ാം സ്ഥാനം നേടി.

പുരുഷ വിഭാഗത്തിൽ ആലുവ അസ്‌ലു സ്പോർട്സ് ക്ലബ്ബും ആലുവ യുസി കോളജ് ക്ലബ്ബും ഫൈനലിൽ പ്രവേശിച്ചു. ആൺകുട്ടികളുടെ ഫൈനൽ, ലൂസേഴ്സ് ഫൈനൽ മത്സരങ്ങൾ നാളെ ഫോർട്ട്കൊച്ചി പരേഡ് മൈതാനത്ത് നടക്കും.

കേരള സ്റ്റേറ്റ് ബേസ് ബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് രഞ്ജിത്ത് രത്നാകരൻ ഉദ്ഘാടനം ചെയ്തു. മുൻ ജില്ലാ ട്രഷറർ ടി.എ.ഫാരിഷ് സമ്മാനം നൽകി. സംസ്ഥാന പ്രസിഡന്റ് ഷാഹുൽ ഹമീദ്, ജില്ലാ സോഫ്റ്റ് ബോൾ വൈസ് പ്രസിഡന്റ് പി.ജെ.ബാരിഡ്, ജില്ലാ സോഫ്റ്റ് ബോൾ സെക്രട്ടറി പി.ബി.മോൻസി, സെക്രട്ടറി അനീഷ് ജോസഫ്, കെ.എ.സലിം എന്നിവർ പ്രസംഗിച്ചു.